പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 922. 30.06.2015 ന് മറുപടിയ്ക്ക്.

## പെരിങ്ങോട്ടുകരയിലെ ചേർപ്പ് ഐ.ടി.ഐ.യ്ക്ക് ഭൂമി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.ഗീതാ ഗോപി: | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) നാട്ടിക നിയോജക മണ്ഡലത്തിലെ പെരിങ്ങോട്ടുകരയിൽ പ്രവർത്തിക്കുന്ന ചേർപ്പ് ഐ.ടി.ഐ.യ്ക്ക് വേണ്ടി അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് വക 64 സെന്റ് ഭൂമി, ഗ്രാമവികസന വകുപ്പ്, ഇൻഡസ്ട്രിയൽ ട്രെയിനിംഗ് വകുപ്പിന് കൈമാറി ഉത്തരവ് നല്കിയിട്ടുണ്ടോ എന്ന് അറിയിക്കുമോ ; | (എ) അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് വക കുറുമ്പിലാവ് വില്ലേജ് സർവ്വേ നമ്പർ 606/1, 606/2-ൽ പ്പെട്ട 0.2549 ഹെക്ടർ (63 സെന്റ്) സ്ഥലം, ചേർപ്പ് ഐ.ടി.ഐ സ്ഥാപിക്കുന്നതിനായി വ്യാവസായിക പരിശീലന വകുപ്പിന് സൗജന്യമായി വിട്ടുകൊടുക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന് ജി.ഒ (ആർ.റ്റി) നമ്പർ : 252/15/ ത.സ്വ.ഭ.വ തീയതി 28.01.2015 പ്രകാരം അനുമതി നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (ബി) ഗ്രാമവികസന വകുപ്പ് നല്കിയ ഭൂമി കൈമാറ്റ ഉത്തരവ് പ്രകാരം ഈ ഭൂമി വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥയനുസരിച്ച് ഏറ്റെടുക്കുവാൻ കാലതാമസം നേരിടുന്നതിന് കാരണം വ്യക്തമാക്കുമോ ;<br><br>(സി) അന്തിക്കാട് ബ്ലോക്ക്പഞ്ചായത്ത് വക ഭൂമി ഐ.ടി.ഐ.യുടെ ആവശ്യത്തിന് വേണ്ടി മാത്രം കൈമാറികിട്ടിയ സ്ഥിതിക്ക്, പ്രസ്തുത ഭൂമി റവന്യൂ വകുപ്പിന് റീലിൻക്വിഷ് ചെയ്യേണ്ട ആവശ്യമുണ്ടോ ;<br><br>(ഡി) ഇല്ലെങ്കിൽ വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥ പ്രകാരം, നിർദ്ദിഷ്ട സ്ഥലം ഏറ്റെടുക്കാൻ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് വകുപ്പ് നടപടി സ്വീകരിക്കുമോ ? | (ബി)യും, (സി) യും, (ഡി)യും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശ ഭൂമി റവന്യൂ വകുപ്പിലേക്ക് വിട്ടൊഴിഞ്ഞാൽ മാത്രമേ ഭൂമി വിട്ടൊഴിയൽ നടപടി പ്രകാരം തണ്ടപേരിൽ കുറവ് ചെയ്ത് പുറമ്പോക്കിലേയ്ക്ക് മാറ്റിയ ശേഷം സേവന വകുപ്പുകൾക്ക് കൈമാറുന്നതിന് നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ എന്ന് 08.05.2013-ലെ LR-K2-18287/12 നമ്പർ സർക്കുലറിലൂടെ റവന്യൂ വകുപ്പ് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം നടപടി സ്വീകരിച്ചശേഷം മാത്രമേ പ്രസ്തുത സ്ഥലം വകുപ്പിന് ഏറ്റെടുക്കാൻ സാധിക്കുകയുള്ളൂ. ടി. സ്ഥലം സർക്കാരിലേയ്ക്ക് വിട്ടൊഴിയുന്നതിനുള്ള നടപടി നിലവിലത്തെ ഉടമ എന്ന നിലയ്ക്ക് അന്തിക്കാട് ബ്ലോക്ക്പഞ്ചായത്ത് സ്വീകരിക്കേണ്ടതുണ്ട്. റവന്യൂ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് നിർദ്ദിഷ്ട സ്ഥലം വകുപ്പ് ഏറ്റെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ